പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2918 | 22.06.2012 ൽ മറുപടിയ്ക്ക്

# ദേശീയ നഗര വികസന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു: മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടണങ്ങളുടെയും നഗരങ്ങളുടെയും വികസനത്തിന് ഭൗമവിവര ശേഖരണ സംവിധാനം വികസിപ്പിക്കുന്നതിന് ദേശീയ നഗര വികസന സംവിധാനം (എൻ.യു.ഐ.എസ്) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2011-12 ൽ എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചു; | (എ) കേന്ദ്ര സർക്കാരിൽ നിന്നും തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിലും നഗരങ്ങളിലുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്; | (ബി) കൊല്ലം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ചു നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ കൊച്ചി നഗരത്തിനു വേണ്ടി യൂട്ടിലിറ്റി മാപ്പിംഗ് (Utility Map) തയ്യാറാക്കി വരുന്നു. |
| (സി) ഈ പദ്ധതിയിൻ പ്രകാരമുള്ള സ്ഥലവിവരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഈ ജോലി ആരെയാണ് ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ; | (സി) മാപ്പുകൾ തയ്യാറാക്കുന്നതിന് സർവ്വെ ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കോഴിക്കോട് നഗരത്തിനുള്ള 1:10000 സ്കെയിൽ (1:10000 scale) മാപ്പ് ഒഴികെ സർവെ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാക്കി എല്ലാ മാപ്പുകളും സ്ഥല പരിശോധന നടത്തി മാറ്റങ്ങൾ ഉൾപ്പെടുത്തി |

സര്‍വ്വെ ഓഫ് ഇന്ത്യയെ തിരികെ ഏല്പിച്ച് കഴിഞ്ഞു. കൊച്ചി നഗരത്തിനു വേണ്ടിയുള്ള യൂട്ടിലിറ്റി മാപ്പിംഗ് തയ്യാറായി വരുന്നു.

| | |
|---|---|
| (ഡി) പദ്ധതി പ്രകാരം സാമൂഹ്യ-സാമ്പത്തിക വിവരങ്ങള്‍ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികള്‍ ഏത് ഘട്ടം വരെയെത്തി എന്ന് വ്യക്തമാക്കാമോ; | (ഡി) സാമൂഹ്യ-സാമ്പത്തിക വിവരങ്ങള്‍ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികള്‍ പൂര്‍ത്തീകരിച്ച് 22.05.2010 ല്‍ ടൗണ്‍ ആന്റ് കണ്‍ട്രി പ്ലാനിംഗ് ഓര്‍ഗനൈസേഷന് റിപ്പോര്‍ട്ട് നല്‍കിയിട്ടുണ്ട്. |
| (ഇ) കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) ഇത് കേന്ദ്ര സര്‍ക്കാര്‍ നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്. |

സെക്ഷന്‍ ഓഫീസര്‍